1778
17/8/12

കേരള സർക്കാർ
സംഗ്രഹം

തൊഴിൽ വകുപ്പ് - ലേബർ കോംപ്ലക്സ് -രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2012-13 ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

തൊഴിലും പുനരധിവാസവും (ഡി) വകുപ്പ്

സ.ഉ.(സാധാ:) നം.1226/2012/തൊഴിൽ. തീയതി. തിരുവനന്തപുരം, 09/08/2012.

പരാമർശം:- 1) സ.ഉ.(എം.എസ്)നം.8/2003/തൊഴിൽ തീയതി 28-02-2003.

2) ലേബർ കമ്മീഷണറുടെ 13-04-2012-ലെ പി(1)4174/2011 നമ്പർ കത്ത്.

ഉത്തരവ്

തൊഴിൽ വകുപ്പിന് ലേബർ കോംപ്ലക്സിന്റെ നിർമ്മാണത്തിനായി പരാമർശം ഒന്ന് പ്രകാരം ഭരണാനുമതി നല്കിയിരുന്നു. ഒന്നാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ച സാഹചര്യത്തിൽ തുടർ പ്രവർത്തനമെന്ന നിലയിൽ രണ്ടാംഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ 581 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിഗണിച്ച് 2012-2013 ബഡ്ജറ്റിൽ ലേബർ കോംപ്ലക്സിന്റെ നിർമ്മാണത്തിനായി അനുവദിച്ചിരിക്കുന്ന 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകണമെന്ന് പരാമർശം രണ്ട് പ്രകാരം ലേബർ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

ലേബർ കമ്മീഷണറുടെ മേൽ ശുപാർശ സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലേബർ കോംപ്ലക്സിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2012-13 ബഡ്ജറ്റിൽ "4250-00-201-96-പ്ലാൻ" ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 300 ലക്ഷം രൂപ പ്രസ്തുത ആവശ്യത്തിലേയ്ക്ക് ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ.എക്സ്,
സെക്രട്ടറി.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
പൊതുമരാമത്ത് വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ.ആന്റ്.ഇ), കേരളം, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
ധനകാര്യ വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

Endt. On No. A3-1778/12/D3 dtd. 17/8/12

Copy to the Asst. Exe. Engineer, Secretariat Sub-dun for info